4. എഫ്. എം. റേഡിയോകളിൽകൂടി പ്രചാരണം നടത്തി.

5. കിസ്സാൻ ക്രെഡിറ്റ് കാർഡിനുള്ള അപേക്ഷകൾ കൃഷി ഭവനുകളിലൂടെ കൃഷിയാഫീസിൽ ശിപാർശ ചെയ്ത് ബാങ്കുകൾക്ക് നൽകുന്നതിന് നടപടിയെടുത്തു.

6. 2012, ജൂൺ, ജൂലൈ മാസങ്ങളിൽ കിസ്സാൻ ക്രെഡിറ്റ് കാർഡ് ക്യാംപയിനുകൾ സംഘടിപ്പിക്കുവാൻ ജില്ലാ തല ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അട്ടപ്പാടിയിൽ ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ

4673 ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗംഗാ ഇൻഷ്യേറ്റീവ് എന്ന എൻ.ജി.ഒ. വഴി ഹോർട്ടികൾച്ചർ മിഷൻ അട്ടപ്പാടിയിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘടനയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സംഘടന സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇവർ ആദിവാസി ഭൂമിയിൽ ഔഷധ കൃഷി നടത്തുന്നുണ്ടോ; ഏത് സ്ഥലത്താണ് ഈ കൃഷി നടക്കുന്നതെന്നും ഇതിനായി പണമായോ തൈകളായോ വിത്തായോ സഹായം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര രൂപയുടെ സഹായമാണ് സംഘടനയ്ക്ക് നൽകിയതെന്ന വിശദീകരിക്കാമോ;

(ഇ) പ്രസ്തുത സംഘടനയെ ഇത്തരത്തിൽ ഉത്തരവാദിത്വം ഏൽപ്പിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗംഗാ ഇൻഷ്യേറ്റീവ് എന്ന എൻ.ജി.ഒ. വഴി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2012-13 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 20,000 പച്ചക്കറി തൈകളും, ഔഷധസസ്യ മിഷൻ കേരള പദ്ധതി പ്രകാരം 94.35 ഹെക്ടറിൽ ഔഷധസസ്യ കൃഷിയും നടപ്പിലാക്കി വരുന്നു. കൂടാതെ 13.2 ഹെക്ടർ സ്ഥലത്ത് ടിഷ്യുക്കൾച്ചർ വാഴയുടെ വിളവിസ്തൃതി വ്യാപനം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) ഗംഗാ ഇൻഷ്യേറ്റീവ് സംഘടനയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ വിവരം (ടി സംഘടനയിൽ നിന്നും ലഭിച്ചത് പ്രകാരം) ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. റ്റി. എ. ജയനേന്ദ്രദത്തൻ (സെറ്റിലർ)
2. പി. ജെ. ജയിംസ്
3. അനുമാത്യു
4. അഡ്വ. ബാബുദിവാകരൻ (നോമിനേറ്റഡ് മെമ്പർ)
5. പുരുഷോത്തമൻ എംബ്രാന്തിരി (നോമിനേറ്റഡ് മെമ്പർ).

(സി) സംഘടന പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഉണ്ട്. പുത്തൂർ പഞ്ചായത്തിലെ പാടവയൽ വില്ലേജിൽ ഉൾപ്പെടുന്ന ആനവായ്, കടുക് മണ്ണ് എന്നീ ഊരുകളിലാണ് ഔഷധസസ്യ കൃഷി നടത്തുന്നത്. ഔഷധസസ്യ കൃഷി നടപ്പാക്കുന്നതിന് നാളിതുവരെ ഒരു സഹായവും സംഘടനയ്ക്ക് നൽകിയിട്ടില്ല.

(ഇ) വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2012-13 എന്ന പദ്ധതി പ്രകാരം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം ഉല്പാദിപ്പിച്ച പച്ചക്കറി തൈകൾ എൻ.ജി.ഒ.-കൾ, സ്വാശ്രയ സംഘങ്ങൾ, പൊതുമേഖല-സ്വകാര്യ സ്ഥാപനങ്ങൾ മുതലായവയ്ക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള നടപ്പിലാക്കുന്ന പദ്ധതികൾ എൻ.ജി.ഒ. വഴി നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത സംഘടനയിൽ നിന്ന് അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയത്.

പ്രസ്തുത സംഘടന വഴി ആദിവാസികൾ തന്ന അപേക്ഷ പാലക്കാട് ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഔഷധസസ്യ മിഷന്റെ പ്രപ്പോസലിന് അനുമതി നൽകിയിട്ടുള്ളത്. മാത്രമല്ല പ്രപ്പോസലിന് ആവശ്യമായ രേഖകളെല്ലാം ഈ സംഘടന മിഷനിൽ സമർപ്പിച്ചിട്ടുണ്ട്.

പെൻഷൻ ബുക്ക്, സർവ്വീസ് ബുക്ക് ലഭ്യമാക്കാൻ നടപടി

6953 ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെൻഷൻ ബുക്ക്, സർവ്വീസ് ബുക്ക് എന്നിവ പല സന്ദർഭങ്ങളിലും ലഭ്യമാകാത്തതിന് കാരണമെന്താണ്; ഇപ്പോൾ എത്ര ശതമാനമാണ് പെൻഷൻ ബുക്കിനും സർവ്വീസ് ബുക്കിനും ഈടാക്കുന്നത്;

(ബി) റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് പെൻഷൻ ബുക്ക് ലഭ്യമാകാത്തതിനാൽ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഇല്ലാതാക്കാൻ പെൻഷൻ ബുക്കിന്റെ ലഭ്യത ഉറപ്പു വരുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly